പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 5630 6.7.2012 ലെ മറുപടിക്ക്

## പട്ടികജാതി കോളനികളിലെ കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) നാട്ടിക നിയോജക മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ട് ; അവ ഏതെല്ലാമാണ് ; പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്താമോ ; | എ) നാട്ടിക നിയോജക മണ്ഡലത്തിൽ 9 ഗ്രാമപഞ്ചായത്തുകളിലായി 116 പട്ടികജാതി കോളനികൾ ഉണ്ട്. (പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.) |
| (ബി) പ്രസ്തുത കോളനികളിൽ പൂർണ്ണമായും കുടിവെള്ള വിതരണമുള്ള കോളനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) പ്രസ്തുത കോളനികളിൽ ചേർപ്പ് പഞ്ചായത്തിലെ കാവിൽപാടം കോളനി, അവിണിശേരി പഞ്ചായത്തിലെ വടക്കേപാടം കോളനിഎന്നിവ ഒഴിച്ച് ബാക്കി എല്ലാകോളനികളിലും കുടിവെള്ള പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) കുടിവെള്ള വിതരണം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ലാത്ത കോളനികളിൽ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിന് പ്രത്യേക കുടിവെള്ള പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) നാട്ടിക ഗ്രാമപഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങളിൽ പൊതുകിണർ നിർമ്മിക്കുന്നതിനായി ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപയുടെ പദ്ധതിയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം അംഗീകാരം നൽകിയിട്ടുണ്ട്. വലപ്പാട് ഗ്രാമപഞ്ചായത്തിലെ, പട്ടികജാതിയിൽപ്പെട്ട, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി 3,01,500/- രൂപയുടെ പദ്ധതിയ്ക്ക് കഴിഞ്ഞ സാമ്പത്തികവർഷം അംഗീകാരം |

എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

നല്കിയിട്ടുണ്ട്. മുറിച്ചൂർ എസ്.സി. കോളനി കുടിവെള്ള പദ്ധതിയ്ക്കായി 8,00,000/- രൂപ 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തി പ്രവർത്തി പുരോഗമിച്ചു വരുന്നു. കൂടാതെ, പരുത്തിക്കാട് എസ്.സി. കോളനി കിണർ നിർമ്മാണ പദ്ധതിയ്ക്കായി 1,20,000/- രൂപ വകയിരുത്തി പ്രവർത്തി പ്രാരംഭഘട്ടങ്ങളിലാണ്. ചേർപ്പ് ഗ്രാമപഞ്ചായത്തിലെ കാറവിൽപാടം, അവിണിശേരി ഗ്രാമ പഞ്ചായത്തിലെ വടക്കേപാടം എന്നീ കോളനികളിൽ പൈപ്പ് ലൈൻ വലിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**